# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26

# ആമുഖം

ഈ അക്കാദമിക മാസ്റ്റർപ്ലാൻ പി.ജി.എം.എം എൽ.പി.സ്കൂളിലെ കുട്ടികളുടെ സമഗ്രവും സന്തോഷകരവുമായ പഠനാനുഭവങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ടിയുള്ളതാണ്. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവരെ സാമൂഹികമായും വൈകാരികമായും വൈജ്ഞാനികമായും വളർത്തിയെടുക്കുക എന്നതാണ് ഞങ്ങളുടെ പ്രധാന ലക്ഷ്യം.

## ലക്ഷ്യങ്ങൾ

→ പ്രദേശത്തെ മുഴുവൻ കുട്ടികളുടെയും പ്രവേശനം ഉറപ്പാക്കൽ.

→ ഓരോ കുട്ടികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ലഭിക്കുന്നവിധം അക്കാദമിക പ്രവർത്തനങ്ങൾ ക്രോഡീകരിക്കുക.

→ പൊതുസമൂഹത്തിന്റെ നിരന്തരശ്രദ്ധ വിദ്യാലയത്തിൽ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ. സജ്ജീകരിക്കുക.

→ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പൊതുലക്ഷ്യങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ സജ്ജീകരിക്കുക.

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | പനമ്പിള്ളി ഗോവിന്ദമേനോൻ മെമ്മോറിയൽ എൽ.പി.സ്കൂൾ കള്ളായി |
| സ്ഥാപിതം | : | 01-06-1976 |
| പഞ്ചായത്ത് | : | തൃക്കൂർ |
| വില്ലേജ് | : | കല്ലൂർ |
| ബ്ലോക്ക് | : | മുകുന്ദപുരം |
| ജില്ല | : | തൃശൂർ |
| ബി.ആർ.സി | : | കൊടകര |
| സി.ആർ.സി | : | ഗവ. എൽ.പി.സ്കൂൾ. തൃക്കൂർ |
| സബ് ജില്ല | : | ചേർപ്പ് |
| വിദ്യാഭ്യാസ ജില്ല | : | തൃശൂർ |
| ഇ-മെയിൽ | : | kallayi pgmmlps @gmail.com |
| പ്രധാനാധ്യാപികയുടെ പേര് | : | ജയലക്ഷ്മി സി.ജെ |
| മൊബൈൽ നമ്പർ | : | 9656167679 |

## വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ടോയ്‌ലറ്റ് | 1 | 2 |
| പെൺകുട്ടികൾക്കുള്ള മൂത്രപ്പുര | 1 | 1 |
| ആൺകുട്ടികൾക്കുള്ള മൂത്രപ്പുര | 1 | 1 |
| ചുറ്റുമതിൽ | ഉണ്ട് | ആകർഷകമാക്കണം |
| അടുക്കള | ഉണ്ട് | കുറച്ച് സൗകര്യങ്ങൾ കൂടി ചേർക്കാനുണ്ട്. |

## ഭൗതികാന്തരീക്ഷം - വിശകലനക്കുറിപ്പ്

### ക്ലാസ്മുറി.

നിലവിൽ ക്ലാസുകൾ നടത്തുന്നതിന് 8 ക്ലാസ് മുറികളും ഓഫീസുമടങ്ങുന്ന 2 കെട്ടിടമുണ്ട്. അതിൽ 1 സ്മാർട്ട് ക്ലാസ്റൂമുണ്ട്.

### ടോയ്‌ലറ്റ്

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായ ടോയ്‌ലറ്റുകൾ ഉണ്ട്. അതോടൊപ്പം ഭിന്നശേഷിക്കാർക്കായി 1 പുതിയ ടോയ്‌ലറ്റും നിർമ്മിച്ചിട്ടുണ്ട്.

### കിണർ

ഒരു കിണറുണ്ട്. കിണറിന്റെ മുകൾഭാഗം ഇരുമ്പുവല വലടിപ്പിച്ച് സുരക്ഷിതമാക്കേണ്ടതുണ്ട്.

### ചുറ്റുമതിൽ

സ്കൂൾ കോമ്പൗണ്ട് ചുറ്റുമതിൽകെട്ടി വേർതിരിക്കപ്പെട്ടിട്ടുണ്ട്. ചുറ്റുമതിൽ ആകർഷകമായ ചിത്രങ്ങൾ

വരച്ച് മനോഹരമാക്കേണ്ടതുണ്ട്



## കളിസ്ഥലം

കുട്ടികൾ കളിക്കുന്നതിനായി വിദ്യാലയത്തിനുമുന്നിലെ മുറ്റമാണ് ഉപയോഗിക്കുന്നത്. കുട്ടികൾക്ക് കളിക്കുന്നതിനായി നല്ലൊരു കളിസ്ഥലത്തിന്റെ ആവശ്യമുണ്ട്.

## സ്റ്റേജ്

ആധുനികരീതിയിലുള്ള ഒരു സ്റ്റേജും ഓഡിറ്റോറിയവും നിർമ്മിക്കേണ്ടതുണ്ട്. സ്കൂൾ അസംബ്ലി ചേരുന്നതിന് ഇത് ഉപയോഗിക്കാം.

## ഹരിത വിദ്യാലയം.

സ്കൂൾ ആകർഷകമാക്കുന്നതിനും ജൈവകൃഷിയിൽ താൽപ്പര്യം വളർത്തുന്നതിനുമായി ചെടികളും പച്ചക്കറികളും മറ്റ് തണൽമരങ്ങളും നടാവുന്നതാണ്. ജൈവ പച്ചക്കറി കൃഷി കുറച്ചുകൂടി ഭംഗിയാക്കേണ്ടതുണ്ട്.

## ചിൽഡ്രൻസ് പാർക്ക്

കുട്ടികൾക്ക് കളിക്കുന്നതിനാവശ്യമായ കളിയുപകരണങ്ങൾ ഉൾകൊള്ളുന്ന ചിൽഡ്രൻസ് പാർക്കുണ്ട്. അതിൽ കുറച്ചുകൂടി കളിയുപകരണങ്ങൾ ഉൾപ്പെടുത്തണം.

## കുട്ടികളുടെ ആകാശവാണി.

സ്കൂളിൽ കുട്ടികളുടെ ആകാശവാണി സജ്ജീകരിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും മുറിയും കണ്ടെത്തേണ്ടതുണ്ട്.

5. ഐ. ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് (ഉപ-യോഗ്യം) | ഇനി ആവശ്യമു-ള്ളത് |
|---|---|---|
| കമ്പ്യൂട്ടർ - ഡസ്ക്ടോപ്പ് | 1 | 5 |
| കമ്പ്യൂട്ടർ - ലാപ്പ് ടോപ്പ് | 5 | 5 |
| പ്രൊജക്ടർ - എൽ. ഇ. ഡി | 3 | 5 |
| റേഡിയോ | | 1 |
| ടെലിവിഷൻ | | 1 |
| ഇന്റർനെറ്റ് കണക്ഷൻ | 1 | Nil |
| സ്മാർട്ട് ക്ലാസ്റൂം | 1 | |

6. അനുബന്ധ സംവിധാനങ്ങൾ

a. എസ്. ആർ. ജി

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് തലത്തിൽ പഠനപ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും ചർച്ച ചെയ്ത് ആസൂത്രണം നടത്തി വരുന്നു. ഭാഷാപഠനത്തിനാവശ്യമായ പഠന പ്രവർത്തനങ്ങൾ കണ്ടെടുത്ത് നട-ത്തി വരാറുണ്ട്.

b. പി. ടി. എ

എല്ലാമാസങ്ങളിലും കൃത്യമായി യോഗങ്ങൾ ചേരുന്നു. പി.ടി.എ

# പൊതുപ്രവർത്തനങ്ങൾ

## പദ്ധതികൾ

1. പിന്നോക്കക്കാർക്കുള്ള അധിക പരിശീലനം.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- |
| അടിസ്ഥാന ശേഷി പരിശോധന 2, 3, 4 ക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികളെ അടിസ്ഥാന മാക്കി പ്രീ-ടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തുന്നു. | ജൂൺ 2-ാം വാരം | ക്ലാസ് ടീച്ചർ എസ്. ആർ ജി |
| അധിക സമയ പരിശീലനം ആഴ്ചയിൽ എല്ലാ ദിവസവും ഒരു മണിക്കൂർ പരിശീലനം | ജൂൺ 3-ാം വാരം മുതൽ | ക്ലാസ് ടീച്ചർ |
| അവലോകനം – രക്ഷി താക്കളുടെ യോഗം | ഓഗസ്റ്റ് ഒക്ടോബർ മാസങ്ങളിൽ | ക്ലാസ് ടീച്ചർ |
| പോസ്റ്റ് ടെസ്റ്റ് നടത്തി തുടർ പ്രവർത്തന പാ ക്കേജ് ആസൂത്രണം പ്പെടുത്തൽ വായനാ സാമഗ്രികൾ നൽകൽ | ജനുവരി മുതൽ മാർച്ച് വരെ | എച്ച്.എം ക്ലാസ് ടീച്ചർ എസ്.ആർ.ജി |

2. ക്വിസ് പ്രോഗ്രാം.

ഉദ്ദേശ്യം : ഓരോ ക്ലാസിലെയും കുട്ടികൾക്ക് വേണ്ടതിലധിക പൊതുവിജ്ഞാനം ലഭിക്കുന്നതിനാവശ്യമായ അ[illegible] സ്ഥാനം ഒരുക്കൽ

പത്രവായനയിൽ താൽപര്യം ജനിപ്പിക്കൽ

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| അറിവരങ്ങ് എല്ലാ ആഴ്ചയിലും നൽകുന്ന ചോദ്യങ്ങളുടെ ഉത്തരം പരിശോധിച്ച് ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ. | എസ്.ആർ.ജി |
| ക്ലാസിൽ ഒരു പത്രമെങ്കിലും ലഭ്യമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ദേശാഭിമാനി (സ്പോൺസർഷിപ്പ്) |

3. ഗണിതം, മധുരം.

ഉദ്ദേശ്യം : ഗണിതത്തെ കൂടുതൽ ആകർഷണീയമാക്കുക; നിത്യജീവിതവുമായി ബന്ധപ്പെടുത്തി ആസ്വാദന തലത്തിലെത്തിക്കുക.

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| 1 മുതൽ 4 വരെ ഉള്ള ക്ലാസുകളിൽ ലളിതമായ കളികളിലൂടെ ഗണിതാശയം കുട്ടികളിൽ എത്തിക്കുന്നു. (ഉല്ലാസഗണിതം ഗണിത വിജയം) | ജൂലായ് മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

4. അബാക്കസ് പരിശീലനം.

ഗണിതം കൂടുതൽ എളുപ്പമാക്കുന്നതിന് ആഴ്ചയിൽ ഒന്നര മണിക്കൂർ അബാക്കസ് പരിശീലനം നൽകുന്നു. (ഒക്ടോബർ മുതൽ മാർച്ച് വരെ)

ചുമതല: വിദഗ്ധ പരിശീലക.

5. കരാട്ടെ

മാനസികമായും ശാരീരികമായും കുട്ടികളിൽ ആത്മവിശ്വാസം ഉണർത്തുന്നതിനായി ആഴ്ചയിൽ രണ്ടു ദിവസം പരിശീലകന്റെ സഹായത്തോടെ പരിശീലനം നൽകുന്നു. (ഒക്ടോബർ-മാർച്ച്)

6. ലൈബ്രറി ശാക്തീകരണം.

ഉദ്ദേശ്യം: സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവയുടെ പ്രവർത്തനം ത്വരിതപ്പെടുത്തൽ.

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ മൂന്നാംവാരം | SRG ക്ലാസ് അധ്യാപകർ |
| പുസ്തകപരിചയം ആഴ്ചയിൽ മൂന്നു തവണ കുട്ടികൾ അസംബ്ലിയിൽ പുസ്തകപരിചയം നടത്തൽ | ജൂൺ-മാർച്ച് | കുട്ടികൾ അധ്യാപകർ |

# നിലവിലെ സാഹചര്യങ്ങളുടെ വിശകലനം.

| ശക്തികൾ | ദൗർബല്യങ്ങൾ |
| --- | --- |
| • പരിചയസമ്പന്നരായ അധ്യാപകർ. | ചില വിഷയങ്ങളിൽ കുട്ടികളുടെ പഠനനിലവാരം കുറവ്. |
| പി.ടി.എ/എസ്.എം.സി യുടെ സജീവ പിന്തുണ | • കുട്ടികൾക്ക് കളിക്കാനുള്ള വിശാലമായ സ്ഥലം. |
| • പഠനോപകരണങ്ങളുടെയും ലൈബ്രറി പുസ്തകങ്ങളുടെയും ലഭ്യത. | • എല്ലാ ക്ലാസ് മുറികളിലും ഡിജിറ്റൽ സൗകര്യങ്ങളുടെ അഭാവം. |
| വ്യക്തിഗത ശ്രദ്ധ നൽകാൻ കഴിയുന്നു. | |
| ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക സൗകര്യങ്ങൾ. | |

| പ്രവർത്തനം | കാലയളവ് |
| --- | --- |
| അടിസ്ഥാന ശേഷി വികസനം | |
| * വായനോത്സവം : ഓരോ മാസവും ഒരു പുസ്തകമെങ്കിലും വായിക്കാൻ പ്രേരിപ്പിക്കുന്നു. പുസ്തക ചർച്ചകളും കഥാപറച്ചിലും സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് |
| * എഴുത്തുകളരി : ചിത്രങ്ങൾ വരച്ചും ലഘുവായ വിവരണങ്ങൾ എഴുതിയും എഴുത്തുശേഷി വികസിപ്പിക്കുന്നു. | പ്രതിദിനം |
| * ഗണിതലാബ് : ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിന് ഗണിതകേളികളും നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രവർത്തനങ്ങൾ നൽകുന്നു. | പ്രതിദിനം |
| * കൈത്താങ്ങ് : പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകളും പിന്തുണയും നൽകുന്നു. | ജൂലൈ - ഫെബ്രുവരി |
| * പാഠ്യേതരപ്രവർത്തനങ്ങൾ : കലാകായികം, ചിത്രരചന, സുംബ, കരാട്ടെ, പ്രവൃത്തിപരിചയം, അബാക്കസ്,.... എന്നിവയ്ക്ക് പ്രോത്സാഹനം നൽകുന്നു. | ജൂലൈ-ഫെബ്രുവരി ആഴ്ചയിൽ ഒരു ദിവസം |

| | |
|---|---|
| ക്ലബ് പ്രവർത്തനങ്ങൾ<br>പരിസ്ഥിതി ക്ലബ്, ഹെൽത്ത് ക്ലബ്, വായന ക്ലബ്, എന്നിവ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു. | പ്രതിമാസം |
| പ്രദർശനങ്ങൾ<br>കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ ശാസ്ത്ര, ഗണിത, കലാ പ്രദർശനങ്ങൾ സംഘടിപ്പിക്കുക. | സെപ്തംബർ - ഒക്ടോബർ |
| ഡിജിറ്റൽ പഠനം.<br>• ഐ.സി.ടി അധിഷ്ഠിത പഠനക്ലാസുകൾ നടത്തുന്നു. | ആഴ്ചയിൽ 1 പീരിയഡ് |
| പ്രീ-പ്രൈമറി വികസനം.<br>• കളിപ്പാട്ടങ്ങൾ, പഠനോപകരണങ്ങൾ എന്നിവ സജ്ജീകരിക്കുന്നു. | |
| രക്ഷാകർതൃ ബോധവത്കരണം.<br>കുട്ടികളുടെ പഠനത്തിൽ രക്ഷാകർത്താക്കളുടെ പങ്ക്, പോഷകാഹാരം, ശുചിത്വം എന്നിവയെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുക. | ജൂലായ്<br>ഒക്ടോബർ<br>ഫെബ്രുവരി. |

## തനതു പ്രവർത്തനങ്ങൾ

| | |
|---|---|
| * വായനാ കാർഡ് നിർമ്മാണം:- ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളുടെ ഭാഷാ നൈപുണികളായ എഴുത്ത്, വായന എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ആഴ്ചയിൽ ഒന്നോ, രണ്ടോ വായനാ കാർഡുകൾ അധ്യാപികയും കുട്ടികളും ചേർന്ന് തയ്യാറാക്കി അവതരിപ്പിക്കൽ. | ജൂലൈ-ഫെബ്രുവരി |
| * English world :- ഇംഗ്ലീഷ് ഭാഷാ വികസനത്തെ ലക്ഷ്യമാക്കി word chain, word wed, Sentence card making, Vocabulary increasing, എന്നീ പ്രവർത്തനങ്ങൾ നൽകൽ | ജൂലൈ-ഫെബ്രുവരി |
| * ഗണിതകേളി :- ഗണിതാഭിരുചി വളർത്തുന്നതിനു വേണ്ടി ഗണിത പസിലുകൾ, ജ്യാമിതീയ രൂപ നിർമ്മാണം, പാറ്റേണുകൾ, എന്നിവ നൽകൽ. | ജൂലൈ-ഫെബ്രുവരി |

| | |
|---|---|
| *ചെണ്ടുമല്ലി കൃഷി :- കുട്ടികളിൽ കൃഷിയോടുള്ള താത്പര്യം വർധിപ്പിക്കുന്നതിനുവേണ്ടി ചെണ്ടുമല്ലി കൃഷി നടത്തുന്നു. | ജൂൺ- സെപ്റ്റംബർ |
| * പച്ചക്കറിത്തോട്ട വിപുലീകരണം :- സ്കൂൾ, പഞ്ചായത്ത്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ യുടെ സഹായത്തോടെ പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവ ശേഖരിക്കുകയും പച്ചക്കറിത്തോട്ടം വിപുലമാക്കുകയും ചെയ്യൽ | ജൂലൈ - ഡിസംബർ |

*